(സി) കൂടുതലാണ്.

(ഡി) ബോട്ടുകളുടെ രജിസ്ട്രേഷനെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഒരു കമ്മിറ്റിയെ നിയോഗിച്ചു. കമ്മിറ്റിയുടെ റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

10 (2701) പരമ്പരാഗത മൽസ്യത്തൊഴിലാളികൾക്ക് മൽസ്യബന്ധനത്തിനുള്ള പരിശീലനം

ശ്രീ. പി. രാജു :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
ശ്രീ. യു.എസ്. ശശി :
ശ്രീ. പി.എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത മൽസ്യത്തൊഴിലാളികൾക്ക് മൽസ്യബന്ധനത്തിനുള്ള പരിശീലനങ്ങൾ നൽകി വരുന്നുണ്ടോ; എങ്കിൽ എന്തെല്ലാം പരിശീലനങ്ങളാണ് നൽകിവരുന്നതെന്ന് വിശദമാക്കുമോ;

(ബി) മൽസ്യ തൊഴിലാളികൾക്ക് പുറംകടൽ മൽസ്യബന്ധനത്തിനുള്ള എന്തെല്ലാം പരിശീലനങ്ങൾ നൽകി വരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) പരമ്പരാഗത മൽസ്യത്തൊഴിലാളികൾക്ക് പുറംകടൽ മൽസ്യബന്ധനത്തിനായി എന്തെല്ലാം സഹായങ്ങൾ നൽകി വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മൽസ്യബന്ധനത്തിനുള്ള പരിശീലനങ്ങൾ നൽകുന്നില്ല.

(ബി) ട്രോളിംഗ്, ഗിൽനെറ്റിംഗ്, പഴ്സ്സീനിംഗ്, ആയിരംചൂണ്ട്, ഫിഷിംഗ് വെസ്സൽമേറ്റ്, ഫിഷിംഗ് വെസ്സൽ, എഞ്ചിൻ ഡ്രൈവർ എന്നിവയിൽ പരിശീലനം നൽകി വരുന്നു.

(സി) ഔട്ട് ബോർഡ് മോട്ടോറുകൾ, വലിയ വള്ളങ്ങൾ, ഉറപ്പും ഗുണമേൻമയുള്ള വലകൾ എന്നിവ സബ്സിഡിയോടെ മൽസ്യഫെഡിൽ നിന്നും നൽകുന്നു.

11 (2702) മൽസ്യത്തൊഴിലാളികൾക്ക് വള്ളവും വലയും

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കടൽക്ഷോഭംമൂലം വള്ളവും വലയും നഷ്ടപ്പെട്ട മൽസ്യത്തൊഴിലാളികൾക്ക് വള്ളവും വലയും നൽകാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര മൽസ്യത്തൊഴിലാളികൾക്കാണ് നൽകാൻ ഉദ്ദേശിക്കുന്നത്; ജില്ല തിരിച്ചു കണക്ക് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly